# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.7345 — 17.07.12-ൽ മറുപടിക്ക്.

### പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.കെ.സി.ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറത്തിറക്കുന്നതിൽ കാലതാമസം ഉണ്ടായതായി കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ; | (എ) | 11-ാം പഞ്ചവത്സര പദ്ധതിയിൽ നിന്നും വ്യത്യസ്തമായി 12-ാം പദ്ധതി മുതൽ പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതിയായി തന്നെ നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും നടപടിക്രമങ്ങളിലും മാറ്റം വരുത്തുന്നത് വിവിധ ചർച്ചകളും, അഭിപ്രായ സമന്വയവും നടത്തി തയ്യാറാക്കിയതിനാലാണ് നേരിയ കാലതാമസം നേരിട്ടത്. |
| (ബി) | പരിമിതമായ സമയക്രമമാണ് ആദ്യവർഷപദ്ധതി രൂപീകരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുകയെന്നതിനാൽ അവയുടെ 2012-13 വർഷത്തെ രൂപീകരണത്തെയും നിർവ്വഹണത്തെയും ഇത് എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ആദ്യവർഷപദ്ധതി രൂപീകരണത്തിന് മൂന്ന് മാസത്തെ സമയവും പദ്ധതി നിർവ്വഹണത്തിന് 2012 ഒക്ടോബർ മുതൽ ആറ് മാസത്തെ സമയവും ലഭിക്കുന്നുണ്ട്. അതിനാൽ 2012-13 വർഷത്തെ പദ്ധതി രൂപീകരണത്തേയും നിർവഹണത്തേയും ബാധിക്കുകയില്ല. |
| (സി) | ഈ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പുവർഷം പദ്ധതി ശൂന്യവർഷം ആകാതിരിക്കാൻ എന്തെങ്കിലും മുൻകരുതലുകൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ